**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1339** **30-08-2022 - ൽ മറുപടിയ്ക്ക്**

**സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ജന്റർ ന്യൂട്രൽ യൂണിഫോം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി . ഉബൈദുള്ള** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് ആൻഡ് ട്രെയിനിംഗ് (എസ്.സി.ഇ.ആർ.ടി) തയ്യാറാക്കിയ കേരള പാഠ്യപദ്ധതി ചട്ടക്കൂടുകളിലെ സമൂഹ ചർച്ചക്കുള്ള കുറിപ്പിൽ സ്കൂളുകളിൽ ലിംഗഭേദമില്ലാതെ ഇരിപ്പിടം ഒരുക്കുന്നത് സംബന്ധിച്ച നിർദ്ദേശം ചർച്ചയ്ക്കായി ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിദ്യാഭ്യാസ വകുപ്പിന്റെ അറിവോടെയാണോ ഇത് എന്ന് വ്യക്തമാക്കാമോ; | (എ) | കേരളത്തിലെ സ്കൂൾ പാഠ്യപദ്ധതി സമഗ്രമാ പരിഷ്കരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടു ഇതിന്റെ ഭാഗമായി സംസ്ഥാന പാഠ്യപദ്ധ പരിഷ്കരണ കോർ കമ്മിറ്റി രൂപീകരിക്കുക പ്രസ്തുത കമ്മിറ്റിയുടെ തീരുമാന പ്രകാരമുള്ള തുട പ്രവർത്തനങ്ങൾ നടന്നുവരികയുമാണ ഫോക്കസ് മേഖലകളുമായി ബന്ധപ്പെട്ടു വിശാലമായ ജനകീയ ചർച്ചക നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഓരോ മേഖലയിലുമുള്ള വിശദാംശം ഉൾക്കൊള്ളു സമൂഹ ചർച്ചയ്ക്കുള്ള കുറിപ്പുകൾ തയാറാക്കു പ്രവർത്തനം നടന്നുവരികയാണ്. കോർകമ്മി അംഗങ്ങളുടെ പരിഗണനയ്ക്കും ചർച്ചയ്ക്കും വേ തികച്ചും അനൗദ്യോഗികമായി നൽകിയ ക രേഖയിലാണ് ചോദ്യത്തിൽ ഉന്നയിച്ചിരിക്കു പരാമർശം ഉള്ളത്. കോർ കമ്മി അംഗങ്ങളുടെയും വിദ്യാഭ്യാസ വിദഗ്ധരുടെയു പരിശോധനയ്ക്കും മെച്ചപ്പെടുത്തലിനും ശേഷ ഈ രേഖ ഔദ്യോഗികമാ പ്രസിദ്ധീകരിക്കുകയുള്ളൂ. |
| (ബി) | സംസ്ഥാനത്തെ സ്കൂളുകളിൽ ജന്റർ ന്യൂട്രൽ യൂണിഫോം രീതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്കൂളുകളിലാണ് നടപ്പാക്കിയിട്ടുള്ളത് ; വിശദാംശം നൽകുമോ; | (ബി) | നിലവിൽ സ്കൂളിലെ യൂണിഫോം രീതികൾ തീരുമാനിക്കുന്നത് അതാത് സ്കൂൾ പി.റ്റി.എ. ആണ്. ജെന്റർ ന്യൂട്രൽ യൂണിഫോം നടപ്പിലാക്കിയ സ്കൂളുകളുടെ കണക്കെടുപ്പ് നടത്തിയിട്ടില്ല. |
| (സി) | ജന്റർ ന്യൂട്രൽ യൂണിഫോം നടപ്പാക്കുന്നതിന് പരിഗണിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ ? | (സി) | നിലവിൽ അത്തരത്തിൽ മാനദണ്ഡങ്ങൾ ഒന്നും പൊതുവിദ്യാഭ്യാസ വകുപ്പ് സ്കൂളുകൾക്ക് നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ